**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **08-10-2024 - ൽ മറുപടിയ്ക്ക്**

**ടെസ്റ്റ് പർച്ചേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഓഗസ്റ്റ് 31 വരെ എത്ര ടെസ്റ്റ് പർച്ചേസുകൾ നടത്തി; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ഈ സാമ്പത്തിക വർഷം ഓഗസ്റ്റ് 31 വരെ ടെസ്റ്റ് പർച്ചേസ് നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത ടെസ്റ്റ് പർച്ചേസുകളിൽ കണ്ടെത്തിയ കൃത്യമായി ബില്ല് എഴുതി നികുതി വാങ്ങുന്ന സ്ഥാപനങ്ങളുടെയും, ബില്ല് എഴുതാതെ പണം വാങ്ങുന്ന സ്ഥാപനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | ടെസ്റ്റ് പർച്ചേസ് നടത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല. |
| (സി) | ബില്ല് എഴുതാതെ പണം വാങ്ങുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പിഴ ഇനത്തിൽ എത്ര രൂപ ഈടാക്കി എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | ബിൽ എഴുതാതെ പണം വാങ്ങുന്ന സ്ഥാപനങ്ങളെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ച് ജി.എസ്.ടി നിയമം സെക്ഷൻ 67 പ്രകാരം സെർച്ച് നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തി നടപടികൾ എടുത്തുവരുന്നുണ്ട്. ഇത്തരം നടപടിയിലൂടെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രസ്തുത സ്ഥാപനത്തിന്റെ നികുതി വെട്ടിപ്പിലൂടെയുള്ള തുക കണ്ടെത്താനും അതിന്റെ 100% പിഴ ഈടാക്കാനും, വേണ്ടി വന്നാൽ അറസ്റ്റ് പോലെയുള്ള നടപടികളിലേക്ക് കടക്കാനും വകുപ്പിന് സാധിക്കുന്നു. ഇന്റലിജൻസ് വിഭാഗം ഈ വർഷം ഇതുവരെ ഏകദേശം 488 കോടി രൂപയുടെ ജി.എസ്.ടി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏകദേശം 305 കോടി രൂപ തിരിച്ചു പിടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ